"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.കുട്ടൻ.പി, S/o ശങ്കരൻ, കോഹിന്നൂർ കോളനി വീട്, തേഞ്ഞിപ്പാലം പോസ്റ്റ്, മലപ്പുറം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1027/2024/ID തീയതി,തിരുവനന്തപുരം, 22-10-2024

---

പരാമർശം:-

1. ശ്രീ.കുട്ടൻ.പി, S/o ശങ്കരൻ, കോഹിന്നൂർ കോളനി വീട്, തേഞ്ഞിപ്പാലം പോസ്റ്റ്, മലപ്പുറം 07.09.2023 തീയതിയിൽ സമർപ്പിച്ച നിവേദനം.
2. മലപ്പുറം ജില്ലാ ജിയോളജിസ്റ്റിന്റെ 03.10.2023 തീയതിയിലെ DOMAL-DMG/3080/2022-M നമ്പർ കത്ത്
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 14.10.2023 തീയതിയിലെ DMG/2844/2023-M നമ്പർ കത്ത്.

**ഉത്തരവ്**

അനധികൃത ചെങ്കല്ല് ഖനനത്തിന് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ആവശ്യപ്പെട്ട റോയൽറ്റി, കുടിശ്ശിക അടയ്ക്കുന്നതിൽ നിന്നും തന്നെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.കുട്ടൻ.പി, കോഹിന്നൂർ കോളനി വീട്, തേഞ്ഞിപ്പാലം പോസ്റ്റ്, മലപ്പുറം മുഖ്യമന്ത്രിയുടെ പരാതി പരിഹാരസെല്ലിൽ പരാമർശം (1) പ്രകാരം ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി. ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 30/08/24 ന് നടത്തിയ ഹിയറിംഗിൽ ഹർജിക്കാരനു വേണ്ടി ടിയാന്റെ സഹോദരനും, മൈനിംഗ് & ജിയോളജി വകുപ്പിനെ പ്രതിനിധീകരിച്ച് മലപ്പുറം ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുക്കുകയുണ്ടായി.

2.അപ്പീൽ കക്ഷിക്ക് വേണ്ടി ഹാജരായ ആൾ ബോധിപ്പിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ലൈഫ് മിഷൻ പദ്ധതി മുഖേന വീട് വയ്ക്കുന്നതിന് അനുമതി ലഭിച്ച താൻ വീട് നിർമ്മാണത്തിന്റെ ഭാഗമായി ചെങ്കുത്തായതും, ചെങ്കല്ലോടു കൂടിയതുമായ ടി സ്ഥലത്തു നിന്നും സ്ഥലം നിരപ്പാക്കുന്നതിലേയ്ക്കും, വീട് നിർമ്മാണാവശ്യത്തിലേയ്ക്കുമായി കുറച്ച് ചെങ്കല്ല് വെട്ടിയെടുത്തു. എന്നാൽ പള്ളിക്കൽ വില്ലേജ് ഓഫീസിൽ നിന്നും പണി നിർത്താൻ ആവശ്യപ്പെട്ടതിനെ തുടർന്ന് ഖനനം നിർത്തി വച്ചിരുന്നു. തുടർന്ന് ജിയോളജി വകുപ്പിൽ ഖനനാനുമതിക്കായി അപേക്ഷ നൽകിയതിനെ തുടർന്ന് ജിയോളജി വകുപ്പിൽ നിന്നും സ്ഥലപരിശോധന നടത്തുകയും, വെട്ടിവച്ചിരിക്കുന്ന കല്ലിന്റെ കണക്ക് നോക്കാതെ 52,000/-

രൂപ ഫൈൻ ആയി നൽകിയതായും, എന്നാൽ കൂലിപണക്കാരനും, ബിപിഎൽ കുടുംബവുമായ തനിക്ക് ടി ഫൈൻ ഒടുക്കുന്നതിന് നിർവാഹമില്ലായെന്നും താൻ ഡിമാന്റ് നോട്ടീസിൽ പറയുന്ന അത്രയും അളവ് ഖനനം ചെയ്തിട്ടില്ല. ആയതിനാൽ തന്റെ പേരിലുള്ള ഫൈൻ ഒഴിവാക്കി നൽകണം.

3. ഇത് സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ പള്ളിക്കൽ വില്ലേജിൽ ബ്ലോക്ക് നം. 10ൽ റി സർവ്വെ നം. 285/20-3 ൽപ്പെട്ടതും ശ്രീ.കട്ടൻ, S/o ശങ്കരൻ, കോഹിനൂർ കോളനി, തേഞ്ഞിപ്പാലം പോസ്റ്റ്, മലപ്പുറം എന്നയാളുടെ കൈവശാവകാശത്തിലുള്ളതുമായ 0.0382 ഹെക്ടർ സ്ഥലത്ത് വീട് നിർമ്മാണത്തിനായി ടി സ്ഥലത്ത് നിന്നും സാധാരണ മണ്ണും ചെങ്കല്ലും നീക്കം ചെയ്യുന്നതിനായി ടിയാൻ 08.11.2022 തീയതിയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയോടൊപ്പം പള്ളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 30.09.2022 തീയതിയിൽ അനുവദിച്ച എ1-ബിഎ(311237)/2022 നമ്പരായ ബിൽഡിംഗ് പെർമിറ്റും ഡവലപ്പ്മെന്റ് പ്ലാനും ഹാജരാക്കിയിരുന്നു. ജില്ലയിൽ 2023 ജനുവരി മാസത്തിൽ നടത്തിയ ഫയൽ തീർപ്പാക്കൽ അദാലത്തുമായി ബന്ധപ്പെട്ട് പ്രസ്തുത അപേക്ഷയിൽമേൽ ഡയറക്ടറേറ്റിലെ ജിയോളജിസ്റ്റായിരുന്ന ഡോ.എ.ബദറുദ്ദീൻ 06.01.2023 തീയതിയിൽ നടത്തിയ സ്ഥലപരിശോധനയിൽ ടി സ്ഥലത്ത് നിന്നും 14 മീറ്റർ നീളത്തിലും 9 മീറ്റർ വീതിയിലും ശരാശരി 1.3 മീറ്റർ താഴ്ച്ചയിലുമായി ആകെ 163.8 ക്യൂബിക് മീറ്റർ ചെങ്കല്ല് അനധികൃതമായി ഖനനം ചെയ്തതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ റോയൽറ്റിയും വിലയും പിഴയും സർ ക്കാരിലേക്ക് ഈടാക്കിയതിനു ശേഷം മാത്രം ടി സ്ഥലത്ത് നിന്നും നീക്കം ചെയ്യാനുള്ള 606.4 ക്യൂബിക് മീറ്റർ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകാവുന്നതാണെന്ന് റിപ്പോർ ട്ട് നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി ചെങ്കല്ലിന്റെ റോയൽറ്റിയും വിലയും പിഴയും സർക്കാരിലേക്ക് ഈടാക്കാതിരിക്കുവാൻ കാരണമെന്തെങ്കിലുമുണ്ടെങ്കിൽ ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് സ്ഥലം ഉടമക്ക് മലപ്പുറം ജിയോളജി ഓഫീസിൽ നിന്നും നോട്ടീസ് നൽകിയിരുന്നു. ആയതിനെത്തുടർന്നാണ് ടിയാൻ ബഹു. മുഖ്യമന്ത്രി മുമ്പാകെ നിവേദനം നൽകിയിട്ടുള്ളത്. നിവേദനത്തിൽ ഉന്നയിച്ചത് പോലെ 52,000/- രൂപ ഒടുക്കുന്നതിനായി ടിയാൻ ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ലാത്തതാണ്.

2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 106 പ്രകാരം, വീട് നിർമ്മാണത്തിനായി ചെങ്കല്ല് നീക്കം ചെയ്യുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിൽ നിശ്ചിത റോയൽറ്റി ഒടുക്കി അനുമതി സമ്പാദിക്കേണ്ടതുണ്ട്. ആയത് പ്രകാരമുള്ള അനുമതി സമ്പാദിക്കാതെയാണ് സ്ഥലം ഉടമ ചെങ്കല്ല് ഖനനം ചെയ്തിട്ടുള്ളത്. മേൽസാഹചര്യത്തിലാണ് ടിയാനെതിരെ മേപ്പടി ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളത്. പരാതിക്കാസ്പദമായ സ്ഥലത്ത് നിന്നും അനധികൃതമായി ഖനനം ചെയ്ത 163.8 ക്യൂബിക് മീറ്റർ ചെങ്കല്ലിന്റെ റോയൽറ്റി (ക്യൂ. മീറ്ററിന് 60/- രൂപ നിരക്കിൽ) 9,828/- രൂപയും വിലയിനത്തിൽ 19,656/- രൂപയും അനധികൃത ഖനനം നടത്തിയതിന് പിഴയായി 5,000/- രൂപയും ചേർത്ത് ആകെ 34,484/- രൂപ മാത്രം (മുപ്പത്തി നാലായിരത്തി നാനൂറ്റി എൺപത്തി നാല് രൂപ) ടിയാൻ സർക്കാരിലേക്ക് ഒടുക്കേണ്ടതുണ്ട്. BPL വിഭാഗത്തിൽ ഉൾപ്പെട്ട ടിയാന് മേപ്പടി തുക ഒടുക്കുവാൻ സാമ്പത്തിക ശേഷിയില്ലാത്തതിനാൽ ആയത് ഒഴിവാക്കി നൽകുന്നതിനായാണ് ടിയാൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

4. അപ്പീൽ അധികാരി ഈ വിഷയം അപേക്ഷകന്റെ വാദങ്ങളുടെയും, മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അപ്പീൽ കക്ഷി ഡിമാന്റ് നോട്ടീസിൽ പറഞ്ഞിരിക്കുന്ന അത്രയും അളവ് ചെങ്കല്ല് ഖനനം നടത്തി നീക്കം ചെയ്തിട്ടില്ലെന്നും ഖനനം ചെയ്തെടുത്തത് പ്രസ്തുത സ്ഥലത്ത് തന്നെ കൂട്ടി വച്ചിട്ടുണ്ടെന്നും ഹിയറിംഗ് വേളയിൽ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലാ ജിയോളജിസ്റ്റ് പ്രസ്തുത സ്ഥലം ഒരിക്കൽ കൂടി പരിശോധന നടത്തി അതനുസരിച്ച് അനുയോജ്യമായ നടപടി സ്വീകരിക്കുവാനും, ലൈഫ് മിഷൻ പദ്ധതി മുഖേന വീട് വയ്ക്കുന്നതിന് അനുമതി ലഭിച്ച സ്ഥലമായതിനാലും BPL വിഭാഗത്തിൽ ഉൾപ്പെട്ട ആളായതിനാൽ പെനാൽറ്റി അടക്കുവാൻ നിർവ്വാഹമില്ലെന്ന ആവശ്യവും അതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടുള്ളതും പരിഗണിച്ച് സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ പുതുക്കിയ ഡിമാൻറ് നോട്ടീസ് നല്കുമ്പോൾ ഫൈൻ ഒഴിവാക്കി റോയൽറ്റിയും വിലയും മാത്രം ഈടാക്കുവാനുള്ള നിർദ്ദേശവും മലപ്പുറം ജിയോളജിസ്റ്റിന് നൽകിക്കൊണ്ട് ശ്രീ.കുട്ടൻ.പി, S/o ശങ്കരൻ, കോഹിന്നൂർ കോളനി വീട്, തേഞ്ഞിപ്പാലം പോസ്റ്റ്, മലപ്പുറം പരാമർശം (1) പ്രകാരം സമർപ്പിച്ച ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീ.കുട്ടൻ.പി, S/o ശങ്കരൻ, കോഹിന്നൂർ കോളനി വീട്, തേഞ്ഞിപ്പാലം പോസ്റ്റ്, മലപ്പുറം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, മലപ്പുറം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 23-10-2024 10:37:09
സെക്ഷൻ ഓഫീസർ